**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3735** **26-10-2021 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി പി.ജി., ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിമാസ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വെറ്ററിനറി സർവകലാശാലകളിലെ പി.ജി., ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾ പരാതികൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 31/07/2021-ൽ ചേർന്ന സർവ്വകലാശാലയുടെ 72-മത് ഭരണസമിതി യോഗം വിദ്യാർത്ഥികളുടെ പ്രതിമാസഗ്രാന്റ് 5000/- രൂപ വീതം വർദ്ധിപ്പിച്ച് നൽകുന്നതിനു തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് & റിസർച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്ന പ്രതിമാസ ഗ്രാന്റിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പി.ജി വിദ്യാർത്ഥികൾക്ക് പ്രതിമാസം 4000/- രൂപയും പിഎച്ച്ഡി വിദ്യാർഥികൾക്ക് പ്രതിമാസം 5000/- രൂപയും ആയിരുന്നത് യഥാക്രമം 9000/- രൂപയായും 10000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ